പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2617 27.01.2014-ൽ മറുപടിക്ക്

**പാലക്കാട് ജില്ലാ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ സൂപ്രണ്ടിന്റെ തസ്തിക**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ചെന്താമരാക്ഷൻ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് ജില്ലാ ആശുപത്രിയോട് ചേർന്ന് പ്രവർത്തിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ സൂപ്രണ്ടിന്റെ തസ്തിക നിലവിൽ ഉണ്ടോ; ഇല്ലെങ്കിൽ തസ്തിക ഇല്ലാതാക്കുന്നതിന് ഇടയാക്കിയ സാഹചര്യം വിശദമാക്കുമോ;<br><br>(ബി) സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ സൂപ്രണ്ടിന്റെ തസ്തിക പുന:സ്ഥാപിച്ച് സൂപ്രണ്ടിനെ നിയമിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ? | (എ) & (ബി) പാലക്കാട് ജില്ലാ ആശുപത്രിയോട് ചേർന്ന് പ്രവർത്തിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ 15.07.2013 ലെ ജി.ഒ(ആർ.ടി) നം.2530/13/ആകുവ സർക്കാർ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലാ ആശുപത്രിയോട് ചേർന്ന് പ്രവർത്തിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നിന്നും സൂപ്രണ്ടിന്റെ തസ്തികയും സൂപ്രണ്ടായി ജോലി ചെയ്തുവന്നിരുന്ന ഡോ.പാർവ്വതി.എ.പി-യേയും താത്കാലികമായി പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിലേയ്ക്ക് മാറ്റിയതിനാൽ ഇപ്പോൾ സൂപ്രണ്ടിന്റെ തസ്തിക ടി ആശുപത്രിയിൽ നിലവിലില്ല. സീനിയർ ഡോക്ടറായ കൺസൾട്ടന്റ് (ഗൈനക്കോളജി) ഡോ.സി.കെ.ലതികക്ക് സൂപ്രണ്ടിന്റെ അധിക ചുമതല നൽകിയിട്ടുണ്ട്. സൂപ്രണ്ടിന്റെ തസ്തിക പുന:സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

Sobha

സെക്ഷൻ ഓഫീസർ